## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ദീർഘദൂര സർവ്വീസുകളിലെ ഡ്രൈവർമാർക്ക് വിശ്രമം

4 (*454) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തേക്ക് ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ ഒരു സർവ്വീസിന് അനുവദിച്ചിട്ടുള്ള ഡ്രൈവർമാരുടെ എണ്ണം എത്രയാണ് ; ഡ്രൈവർമാരുടെ എണ്ണം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിലെ ഡ്രൈവർമാർക്ക് ആവശ്യമായ വിശ്രമം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന എല്ലാ ദീർഘദൂര സർവ്വീസുകളിലും സാധാരണഗതിയിൽ ഒരു ഡ്രൈവറുടെ സേവനം മാത്രമേ ഉപയോഗിക്കാറുള്ളു. എന്നാൽ കെ.എസ്.ആർ.ടി.സി യുടെ വിവിധ യൂണിറ്റുകളിൽനിന്നും ബാംഗ്ലൂരിലേക്ക് നടത്തുന്ന ചില ദീർഘദൂര സർവ്വീസുകളിൽ ഒന്നിൽക്കൂടുതൽ ഡ്രൈവർമാരുടെ സേവനം ഉപയോഗിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ നടത്തപ്പെടുന്ന സർവ്വീസുകളിൽ ഓരോ ഡ്രൈവറെ നിയോഗിച്ച് ഏതെങ്കിലും പ്രധാന യൂണിറ്റിൽ ഡ്രൈവർ ചേഞ്ച് ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപ്പിൽ വരുത്തിവരികയാണ്. അതല്ലാതെ ഡ്രൈവർമാരുടെ എണ്ണം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ദീർഘദൂര സർവ്വീസുകൾ നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളിലെ ഡ്രൈവർമാർക്ക് ആവശ്യത്തിന് വിശ്രമ സമയം ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. ആവശ്യത്തിന് വിശ്രമ സമയം കിട്ടുന്നില്ലെന്ന പരാതി ലഭ്യമായാൽ ആയത് പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

### സ്കൂൾ ബസുകളിലെ യാത്രാസുരക്ഷ

5 (*455) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 3

(എ) സംസ്ഥാനത്തെ സ്കൂൾ ബസുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി റോഡ് സുരക്ഷാ വിഭാഗം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സുരക്ഷ ഉറപ്പുവരുത്താൻ രക്ഷിതാക്കൾക്കും സ്കൂൾ അധികൃതർക്കും വേണ്ടി എന്തെല്ലാം ബോധവൽക്കരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) വാഹനസുരക്ഷ സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് മോട്ടോർ വാഹന വകുപ്പ് നടത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുകയും പ്രവർത്തനക്ഷമത പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു ഉറപ്പുവരുത്താറുണ്ട്. കൂടാതെ പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധനയ്ക്കുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ ബസ്സുകളുടെ പരിശോധന നടത്തുകയും ഡ്രൈവർമാർക്ക് ബോധവത്ക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 24-6-2014-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലോട്ടുള്ള മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ വേണ്ട ഒട്ടേറെ കാര്യങ്ങളിൽ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി&സി) മോട്ടോർ വാഹന വകുപ്പിലെ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നിരന്തരമായ വാഹന പരിശോധന നടത്തിവരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ റോഡ് സുരക്ഷാ ഗവേഷണ വിഭാഗം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് സുരക്ഷ സംബന്ധിച്ച പുസ്തകങ്ങൾ, ലീഫ്റ്റുകൾ, വീഡിയോകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. വിവിധ സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ് രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുറമേ റോഡ് സുരക്ഷ സിലബസിൽ ഉൾപ്പെടുത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യാത്രാ സുരക്ഷ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും, നിബന്ധനകളും പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ദൈനംദിന വാഹന പരിശോധനാ സമയത്തും നിബന്ധനകൾ പാലിയ്ക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് അമിത വേഗം ചെക്കുചെയ്യുന്നുണ്ട്.

## മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ

6 (*456) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സാജു പോൾ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ് ;

(ബി) മത്സ്യഫെഡിന്റെ പ്രവർത്തനത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാമോ ;

(സി) മത്സ്യഫെഡിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്. മത്സ്യഫെഡിന്റെയും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെയും പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ശ്രീ. എം. എം. മോനായി, എം.എൽ.എ. ചെയർമാനായി 25-3-2010-ലെ സ.ഉ.(സാധാ.) 242/10/മതുവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1-3-2011-ലെ സ.ഉ.(സാധാ)നമ്പർ 226/11/മതുവ പ്രകാരം പ്രസ്തുത കമ്മിറ്റി ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറുടെ 15-9-2011-ലെ എഫ് 3/9479/2011 നമ്പർ ഉത്തരവ് പ്രകാരം മത്സ്യഫെഡിന്റെ പ്രവർത്തനവും സാമ്പത്തിക സ്ഥിതിയും ഘടനയും സംബന്ധിച്ച് 17-12-2006 മുതൽ 8-9-2011 വരെയുള്ള കാലയളവിലെ മത്സ്യഫെഡിന്റെ പ്രധാന പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് തിരുവനന്തപുരം (ദക്ഷിണ മേഖല) ഫിഷറീസ് ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ടി അന്വേഷണ റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly